ഭരണഭാഷ – മാതൃഭാഷ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(ഹയർസെക്കന്ററി വിഭാഗം)
ജഗതി , തിരുവനന്തപുരം.14
E-Mail – dhse.ker@gmail.com
Phone No 0471 2580759

എച്ച്.എസ്.ഇ/5592 /2025 – എഡി ബി2 തീയതി : 23-04-2026

സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസവകുപ്പ് – ഹയർ സെക്കന്ററി വിഭാഗം – എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലെ **29/12/2020** മുതൽ **01/06/2025** വരെയുള്ള തസ്തികമാറ്റ ഒഴിവിലേക്കുള്ള എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളുടെ തസ്തികമാറ്റ നിയമനം – **എച്ച്.എസ്.റ്റി, യു.പി.എസ്.റ്റി /എൽ.പി.എസ്.റ്റി അധ്യാപകരുടെ കെ- ടെറ്റ് യോഗ്യത പരിശോധിക്കുന്നത്** – സംബന്ധിച്ച്.

സൂചന : **1. 22/09/2025 , 10/09/2025** തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.
2. 01/09/2025 തീയതിയിലെ **Civil Appeal No. 1385/2025** നമ്പേലുള്ള ബഹു. സുപ്രീം കോടതി ഉത്തരവ്
3. 15/03/2026 തീയതിയിലെ സ.ഉ (കൈ) **80/2026/GEDN** നമ്പർ സർക്കാർ ഉത്തരവ്

പൊതുവിദ്യാഭ്യാസവകുപ്പ്, ഹയർ സെക്കന്ററി വിഭാഗം എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലെ **29/12/2020** മുതൽ **01/06/2025** വരെയുള്ള തസ്തികമാറ്റ ഒഴിവുകളിലേക്കുള്ള അധ്യാപക നിയമനങ്ങൾക്കായി ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള യോഗ്യരായ അധ്യാപകരെ, ജീവനക്കാരെ ഉൾപ്പെടുത്തി **Seniority List** പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത സീനിയോരിറ്റി ലിസ്റ്റിൽ ഉൾപെട്ട അധ്യാപകർ/ജീവനക്കാരുടെ സർട്ടിഫിക്കറ്റ്

വേരിഫിക്കേഷൻ സൂചന (1) സർക്കുലർ പ്രകാരം നടത്തിയിരുന്നു. എന്നാൽ സൂചന (2) ബഹു. സുപ്രീംകോടതി ഉത്തരവ് പ്രകാരം എച്ച്.എസ്.റ്റി, യു.പി.എസ്.റ്റി /എൽ.പി.എസ്.റ്റി വിഭാഗത്തിലുള്ളവർക്ക് കെ- ടെറ്റ് യോഗ്യത നിർബന്ധമാക്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരം കെ-ടെറ്റ് യോഗ്യത സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി സർവ്വീസിൽ തുടരുന്നതും **01/09/2025** ന് മുൻപ് പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനത്തിന് അർഹതയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അധ്യാപക - അനധ്യാപക ജീവനക്കാർക്ക് അവർ അതത് കാറ്റഗറിയിലെ കെ-ടെറ്റ് യോഗ്യത **01/09/2025** മുതൽ **2** വർഷത്തിനകം നേടണമെന്ന നിബന്ധനയിൽ താത്കാലിക പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. നിശ്ചിതസമയ പരിധിക്കകം കെ-ടെറ്റ് യോഗ്യത നേടിയില്ലെങ്കിൽ ഇവരെ പ്രസ്തുത തസ്തികയിൽ നിന്നും **revert** ചെയ്യുന്നതും ഇവർ പ്രസ്തുത കാലയളവിൽ വാങ്ങിയ ആനുകൂല്യങ്ങൾ തിരിച്ചടക്കേണ്ടതുമാണെന്നും കൂടാതെ മേൽ പ്രകാരമുള്ള ഒരു നിയമ സാധുതയുള്ള സമ്മതപത്രം /ബോണ്ട് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിനു മുൻപായി അധ്യാപകരിൽ നിന്നും വാങ്ങേണ്ടതും ആയത് അവരുടെ സേവന പുസ്തകത്തിൽ ചേർക്കേണ്ടതുമാണെന്നും ഉത്തരവായിട്ടുണ്ട്.

എന്നാൽ അതത് കാറ്റഗറിയിൽ കെ-ടെറ്റ് ഉള്ളവർക്ക് സ്ഥിരമായി പ്രൊമോഷൻ നൽകാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം നടത്തുന്നതിനായി ***താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ അപേക്ഷ സമർപ്പിച്ചു സൂചന (1) സർക്കുലറുകൾ പ്രകാരം Certificate Verification ന് ഹാജരായ എച്ച്.എസ്.റ്റി, യു.പി.എസ്.റ്റി /എൽ.പി.എസ്.റ്റി അധ്യാപകരിൽ കെ- ടെറ്റ് യോഗ്യത നേടിയവർ 27/04/2026, 28/04/2026 എന്നീ തീയതികളിൽ കെ-ടെറ്റ് സർട്ടിഫിക്കറ്റ് സഹിതം രാവിലെ 10.30 ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ (ഹയർ സെക്കൻഡറി വിഭാഗം) Certificate Verification ന് ഹാജരാകണമെന്ന് അറിയിക്കുന്നു.***

അന്നേ ദിവസം മൂല്യ നിർണ്ണയം ഉള്ള എച്ച്.എസ്.റ്റി അധ്യാപകർ **05/05/2026** തീയതിയിൽ കെ- ടെറ്റ് സർട്ടിഫിക്കറ്റ് സഹിതം ഹാജരാകേണ്ടതാണ്. **നിലവിൽ കെ- ടെറ്റ് യോഗ്യത ഇല്ലാത്ത അധ്യാപകർക്ക് ബോണ്ട്/സമ്മതപത്രം സമർപ്പിക്കുന്നതിന് പിന്നീട് അവസരം നൽകുന്നതാണ്.**

വിഷയം
ഇക്കണോമിക്സ്
കമ്പ്യൂട്ടർ സയൻസ്
ഗണിതം
സുവോളജി
ഹിന്ദി
ഹിസ്റ്ററി
പൊളിറ്റിക്കൽ സയൻസ്
ബോട്ടണി
സോഷ്യോളജി
സൈക്കോളജി
സ്റ്റാറ്റിസ്റ്റിക്സ്
സംസ്കൃതം
തമിഴ്
ജോഗ്രഫി
മലയാളം
കൊമേഴ്സ്
അറബിക്
ഫിസിക്സ്
കെമിസ്ട്രി
ഇംഗ്ലീഷ്

Digitally signed by
Ranjan Raj. R. P
Date: 23-04-2026
17:10:55

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി